**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **18-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ വൈപ്പിൻ മണ്ഡലത്തിൽ 2021 മുതൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വിതരണം നൽകുന്നതിന് ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കൊച്ചി താലൂക്കിൽ എളങ്കുന്നപ്പുഴ വില്ലേജിൽ 32.10 ആർ ഭൂമി ജില്ലാകളക്ടറുടെ പേരിൽ 2023-24 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2. സേഫ് പദ്ധതി പ്രകാരം രണ്ട് പേർക്ക് 2.5 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ അനുബന്ധം - I ആയി ചേർക്കുന്നു.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം നടത്തുന്നതിനായി എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ജില്ലാ കളക്ടറുടെ പേരിൽ വിലയ്ക്ക് വാങ്ങിയ ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഭൂമി വാങ്ങുന്നതിന് അനുവദിച്ച തുക | തുക അനുവദിച്ച തിയതി | വിലയ്ക്ക് വാങ്ങിയ ഭൂമിയുടെ അളവ് |
|---|---|---|---|
| | 2,37,89,600/- | 27/10/2023 | 32.10 ആർ |

| | | | |
|---|---|---|---|
| (സി) | ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധം - I ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരം ഇപ്രകാരമാണ്.<br><br>1. എറണാകുളം ജില്ലയിൽ വൈപ്പിൻ മണ്ഡലത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന് ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ജില്ലാ കളക്ടറുടെ പേരിൽ വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം പൂർത്തീകരിച്ച ശേഷം ടി സ്ഥലവും വീടും വിതരണം ചെയ്യുന്നതിന് മുന്നോടിയായി ടി സ്ഥലത്ത് മണ്ണ് പരിശോധന നടത്തുകയും ടി റിപ്പോർട്ട് പ്രകാരം ടി സ്ഥലത്ത് വീടുകൾ നിർമ്മിക്കുന്നതിന് 150mm diameter 30cm centre to centre sand pile ചെയ്ത് അതിന് മുകളിൽ 80.ot/m2 എന്ന നിരക്കിൽ 3 മാസത്തേക്ക് പ്രീലോഡ് ചെയ്ത് മണ്ണ് ബലപ്പെടുത്തേണ്ടതുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് ടി പ്രവർത്തി ചെയ്യുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന . മുറയ്ക്ക് ഭവന നിർമ്മാണ പ്രവർത്തനം ഉൾപ്പെടെ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ് .<br><br>2. രണ്ട് പേരുടെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

# അനുബന്ധം1

അംബേദ്കർ ഗ്രാമവികസന പദ്ധതികൾ

| ക്രമ നം | വർഷം | നഗർ | പഞ്ചായത്ത് | ഭരണാനുമതി തുക | ഭരണാനുമതി തീയതി | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1 | 2021-22 | വലിയപറമ്പ് | മുളവുകാട് | 9998205/- | 17/03/2023 | 9186273 | പൂർത്തീകരിച്ചു |
| 2. | 2022- 23 | പുളിക്കത്തറ നഗർ | മുളവുകാട് | 9999997/- | 05/12/2024 | | പുരോഗമിക്കുന്നു |
| 3. | 2021-22 | ഐഎച്ച്ഡിപി നഗർ, | പള്ളിപ്പുറം | 10000000/- | 16/03/2022 | 4874010 | റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 4. | 2023-24 | തേങ്ങാത്തറ നഗർ | നായരമ്പലം | | | | എഫ്ഐടിയിൽ നിന്നും ഡ്രാഫ്റ്റ് എസ്റ്റിമേറ്റ് ലഭിച്ചതിനെ തുടർന്ന് 15.09.2025-നെ മോണിറ്ററിംഗ് കമ്മറ്റി കൂടിയിട്ടുണ്ട്. എസ്റ്റിമേറ്റ് ഫൈനലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| 5. | 2023-24 | ഈസ്റ്റ് മഞ്ഞനക്കാട് നഗർ | ഞാറക്കൽ | 4963686/- | 29/02/2024 | 4632671 | പൂർത്തീകരിച്ചു |
| 6. | 2024-25 | വലിയവട്ടം നഗർ | ഞാറക്കൽ | | | | മോണിറ്ററിംഗ് കമ്മറ്റി കൂടുകയും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നിർവ്വഹണ ഏജൻസിയായ FIT-ക്ക് കൈമാറുകയും എസ്റ്റിമേറ്റ് എടുത്ത് നടപടി സ്വീകരിച്ചു വരുന്നു. |
| 7. | 2025-26 | കുഴുപ്പിള്ളി നഗർ | കുഴുപ്പിള്ളി | | | | പ്രാഥമിക ആലോചന യോഗം ചേർന്നിട്ടുണ്ട് |

കോർപ്പസ് ഫണ്ട് മുഖേനയുള്ളവികസന പദ്ധതികൾ

| ക്രമ നം | വർഷം | പ്രവൃത്തികൾ | പഞ്ചായത്ത് | ഭരണാനുമതി തുക | ഭരണാനുമതി തീയതി | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1 | 2023-24 | പുലയ നഗർ - ലിങ്ക് റോഡ് ടൈൽ വിരിക്കൽ | എളങ്കുന്നപ്പുഴ | 1261000/- | 15/03/2024 | 1258983 | പൂർത്തീകരിച്ചു |
| 2. | 2022-23 | മൂരിപ്പാടം റോഡ്-സൈഡ് പ്രൊട്ടക്ഷൻ-ടൈൽ വിരിക്കൽ | എടവനക്കാട് | 2500000/- | 27/10/2022 | 2449552 | പൂർത്തീകരിച്ചു |
| 3. | 2023-24 | ഈട്ടുമ്മൽ നഗർ - കോൺക്രീറ്റിംഗ്, സൈഡ് പ്രൊട്ടക്ഷൻ, കാന നിർമാണം | പള്ളിപ്പുറം | 1350000/- | 03/02/2024 | 1298222 | പൂർത്തീകരിച്ചു |
| 4. | 2024-25 | പരേക്കാപ്പിള്ളിത്തറ നഗർ - സൈഡ് പ്രൊട്ടക്ഷൻ, കവറിംഗ് സ്ലാബ് നിർമാണം | നായരമ്പലം | 1040000/- | 08/01/2025 | | ടെൻഡർ ചെയ്തപ്പോൾ പ്രവൃത്തി ആരും ഏറ്റെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് പുതിയ DSR-ലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |